E 7103 (Pages : 4) Reg. No.....

Name.....

B.A./B.Sc. DEGREE (C.B.C.S.S.) EXAMINATION, MARCH 2014

Fourth Semester

Additional Language—Malayalam

ഗദ്യം, രചനാപരിചയം

(For Model I B.A./B.Sc. Programmes)

Time : Three Hours Maximum Weight : 25

പാർട്ട് എ

ഒരു വാക്കിലോ വാക്യത്തിലോ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

I. 1 ചിന്ത ഒരു പദ്ധതിയാണെന്ന് പറഞ്ഞതാര് ?

2 സ്വതന്ത്രമായി ഉച്ചരിക്കാൻ കഴിയുന്ന വർണ്ണം ഏത് ?

3 ലിപ്യന്തരണം എന്നാൽ എന്ത് ?

4 ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്ന രചനകൾ അറിയപ്പെടുന്നതേതു പേരിലാണ് ?

II. 5 പിരിച്ചെഴുതുക :

അക്കാലം.

6 സന്ധി ചെയ്തെഴുതുക :

കേൾ + തു

7 തെറ്റുണ്ടെങ്കിൽ തിരുത്തുക :

ആധുനീകം, ജ്യോത്സ്യം.

പ്രവർത്തി, പ്രസ്ഥാനം.

8 അർത്ഥവ്യത്യാസം കുറിക്കുക :

ആഹവം — ആഹാവം

III. 9 "അതിനെ ആരാധിക്കുന്നതിൽ അടിമയുടെ അധമബോധമാണ് പ്രവർത്തിക്കുന്നത് "—ഏതിനെ ആരാധിക്കുന്നതിൽ ?

10 ഏതു കൃതിയുടെ സ്വതന്ത്ര വിവർത്തനമാണ് ബുദ്ധചരിതം ?

11 ദുരവസ്ഥയുടെ സഹോദരി എന്ന് ആശാൻ വിശേഷിപ്പിച്ച കൃതിയേത് ?

12 മറക്കുടയ്ക്കുള്ളിലെ മഹാനരകം ആരെഴുതിയ നാടകമാണ് ?

Turn over

IV. 13 എറിക് ഡ്രക്സ്ലറിന്റെ ഏതു പുസ്തകമാണ് നാനോ രംഗത്ത് വിപ്ലവകരമായ ചുവടു വയ്പായി ത്തീർന്നത് ?

14 "ഇന്ത്യയിൽ പ്രധാനമായും രണ്ടു വാർത്താ ഏജൻസികളാണുള്ളത് "—അവ ഏവ ?

15 നാടോടി വിജ്ഞാനീയങ്ങളുടെ അവിഭാജ്യഘടകമേത് ?

16 കേരളത്തിൽ ഏതു നഗരത്തിനാണ് സമുദ്ര ജലനിരപ്പുയർന്നാൽ ഏറ്റവുമധികം ഭീഷണി നേരിടേണ്ടി വരിക ?

(4 × 1 = 4)

പാർട്ട് ബി

അരപ്പേജിൽ (അമ്പതുവാക്ക്) കവിയാതെ ചോദ്യം 21, 22 ഉൾപ്പടെ ഏതെങ്കിലും **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

17 "ഈ പട്ടിക ഇനിയും എത്രയോ നീട്ടാവുന്നതാണ്—ഏതു പട്ടികയെക്കുറിച്ചാണ് എൻ.വി. കൃഷ്ണാര്യർ പറയുന്നത് ?

18 "നമ്മുടെ സൗന്ദര്യ സങ്കല്പത്തിൽ വെളുപ്പ് ആണ് ശ്രേഷ്ഠവർണ്ണം"— വിശകലനം ചെയ്യുക.

19 "വാർത്തകൾ ശേഖരിക്കാൻ പത്രങ്ങൾക്ക് വിപുലമായ സംവിധാനങ്ങളുണ്ട് "—വിശദീകരിക്കുക.

20 കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രം നടത്തിയ പഠനങ്ങളിൽ തെളിഞ്ഞതെന്ത് ?

21 മൃദുലവാർത്ത (Soft news) എന്തെന്ന് വിശദമാക്കുക.

22 തെറ്റുകൾ ഒഴിവാക്കി ചിഹ്നങ്ങൾ ചേർത്ത് വാക്യഘടന പരിഷ്കരിക്കുക :

അമ്മയ്ക്ക് ഒരു വേലക്കാരിയെ നിർത്തിക്കുടേ ഉണ്ണി ചോദിച്ചു വേലക്കാരിയെ നിർത്തീട്ടു ശീലല്യ വേലക്കാരിയെ നിർത്തിയാ പിന്നെ ഞാനെന്താ ചെയ്യാ വെറുതെ ഒരു ഭാഗത്തു കുത്തി ഇരുന്നാ പിത്തം പിടിച്ചു ഞാൻ കിടപ്പിലാവും അമ്മ പറഞ്ഞു.

23 കവിതാവിവർത്തനം നടത്തുമ്പോഴുള്ള പ്രശ്നങ്ങളേവ ?

24 സാധാരണ പുസ്തകത്തിന്റെ ഒട്ടേറെ പരിമിതികൾ ഇല്ലാതാക്കുന്നതാണ് ഇ-വായന—വിശദീകരിക്കുക.

(5 × 1 = 5)

പാർട്ട് സി

ഒരു പുറത്തിൽ (നൂറു വാക്ക്) കുറയാതെ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

25 താഴെ കൊടുത്തിരിക്കുന്ന ഇംഗ്ലീഷ് വാർത്ത **മലയാളത്തിലേക്ക്** പരിഭാഷപ്പെടുത്തുക. തുടർന്ന് മലയാളം വാർത്തയും പരിഭാഷയും താരതമ്യം ചെയ്യുക :

Devotees coming from different parts of the country started camping at Sabarimala Sannidhanam and the surrounding hillsides to worship the celestial star, Makarajyothi, that appears on the eastern horizon of the Sannidhanam on the Makaravilakku day on Sunday.

Almost all vantage points at the Sannidhanam have been occupied by the pilgrims so that they can have a clear view of the deeparadhana to be performed at Ponnambalamedu on Sunday evening.

പുണ്യം പകർന്ന പവിത്ര മുഹൂർത്തത്തിൽ അയ്യപ്പന് മകരസംക്രമ പൂജ, അഭിഷേകം, ഇനി കാത്തിരിപ്പ് മകരജ്യോതിക്ക്, മകരവിളക്കിന്, കാനനവാസന്റെ കുന്നുകളിലെല്ലാം തീർത്ഥാടകർ നിറഞ്ഞു. സുഖങ്ങളെല്ലാം വെടിഞ്ഞ് അവർ കുടിൽകെട്ടി കാത്തുകിടക്കുന്നു. തിരുവാഭരണവിഭൂഷിതനായ അയ്യനെ തൊഴുത് മകരവിളക്ക് കണ്ടു മാത്രം ഇനി അവരുടെ മടക്കം. ഞായറാഴ്ച മകരവിളക്ക്.

26 "ആശാന്റെ പ്രധാന ഖണ്ഡകാവ്യങ്ങൾ വായിക്കുമ്പോൾ മൂന്നു തരം ശ്രേഷ്ഠമങ്ങളെ ഓർത്തെന്നു വരും" —അവ ഏവ ?

27 കാർബൺ നാനോട്യൂബുകളെക്കുറിച്ച് വിവരിക്കുക.

28 വി.ടി. വാസുദേവന്റെ ഓർമ്മകളിൽ നിറഞ്ഞു നില്ക്കുന്ന അച്ഛനെ പരിചയപ്പെടുത്തുക.

29 പാഠവിശകലനം നടത്തുക :

അമ്മയുടെ രൂപം മാത്രമല്ല ചൊല്ലും ഉണ്ണിക്ക് അസഹനീയമായി. അവരുടെ സ്വരത്തിന്റെ പാരുഷ്യവും ഉച്ചാരണത്തിന്റെ ഗ്രാമീണത്വവും തന്റെ അന്തസ്സിനെ തകർക്കുവാൻ കല്പിച്ചുകൂട്ടി ഉപയോഗിക്കുന്ന ആയുധങ്ങളായി ഉണ്ണി കണക്കാക്കി. തന്റെ സഹപാഠികൾ അവരുമായി പരിചയപ്പെടുന്നത് ഉണ്ണിക്ക് ഇഷ്ടമായിരുന്നില്ല. അതുകൊണ്ടാവാം സ്കൂൾ വാർഷികം ആഘോഷിക്കുമ്പോൾ അമ്മയോട് വരരുതെന്ന് ഉണ്ണി തറപ്പിച്ചു പറഞ്ഞത്. 'ആരുടെ അമ്മേം വരുന്നില്ല അതുകൊണ്ട് അമ്മ വരരുത്.' അവൻ പറഞ്ഞു. അമ്മയുടെ മുഖം വാടി.

'ഉണ്ണിയുടെ പ്രസംഗം കേൾക്കാൻ മോഹായിട്ടാ' അവർ പറഞ്ഞു.

"പ്രസംഗം അമ്മ കേട്ടില്ലേ ? പത്തു പന്ത്രണ്ടു തവണ ഞാൻ അമ്മയുടെ മുൻപിൽ വച്ച് പ്രസംഗിച്ചില്ലേ ? സ്കൂളിൽ പോയി പ്രസംഗം കേൾക്കണമെന്ന് എന്താ നിർബന്ധം ?" ഉണ്ണി ചോദിച്ചു.

(മാധവിക്കുട്ടിയുടെ 'അമ്മയും മകനും' എന്ന ചെറുകഥ)

30 ചുവടെ കൊടുക്കുന്ന കവിത വായിച്ച് പാഠസാധ്യതകൾ വിശകലനം ചെയ്യുക :

വില്ലേജ് ആഫീസിനു മുന്നിലെ പുളിമരം
ഒരു കർഷകനാണ്
പിറന്ന മണ്ണിന്റെ ക്രിയപത്രം ശരിയാക്കാൻ
കാത്തു നിന്ന് മരവിച്ചവൻ
കാണേണ്ടവരെ കണ്ടിട്ടും
കാര്യങ്ങൾ നേരെയാകാതെ
പകച്ചു പോയ പാവങ്ങളാണ്
അവിടെ കാണുന്ന പാറകൾ
ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ടവരാണ്
വെറും പുല്ലുകളായ് മുരടിച്ചു നിൽക്കുന്നത്.

കാത്തുനില്പാണ് ഇപ്പോഴും ആളുകൾ
പുളിമരമോ, പാറയോ, പുല്ലുകളോ ആയി മാറുവാൻ
എല്ലാം ശരിയായെന്നപോലെ
നിറയെ കായ്ച്ചിരിക്കുന്നു പുളിമരം
വീടെത്താനുള്ള ഒരു തിടുക്കമുണ്ട് ആ നില്പിലും
പുല്ലുകൾ ഇപ്പോൾ എഴുന്നേറ്റു നടക്കുമോ ?
പാറയിപ്പോൾ ഉരുളാൻ തുടങ്ങുമോ ?
ഒന്നുമില്ല
പുല്ലുകൾ അശ്രദ്ധമായ് തലയാട്ടുന്നു
അനങ്ങുന്നില്ല പാറകൾ
ഇങ്ങനെയുള്ള ചിത്രങ്ങൾകൂടി സാധ്യമാണ്
പാഠപുസ്തകങ്ങളിൽ

[സെബാസ്റ്റ്യന്റെ ചിത്രപാഠാവലി എന്ന കവിത]

$(4 \times 2 = 8)$

പാർട്ട് ഡി

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് നാലു പുറത്തിൽ (400 വാക്ക്) കുറയാതെ ഉത്തരമെഴുതുക :

31 നവോത്ഥാനത്തിന്റെ പാഠങ്ങൾ എന്ന ലേഖനം വിശകലനം ചെയ്യുക.

അല്ലെങ്കിൽ

വള്ളത്തോളിന്റെ പ്രത്യേകതകൾ "മഹാകവിയുടെ ശില്പശാലയിൽ" എന്ന ലേഖനത്തിൽ നിറയുന്നത് കണ്ടെത്തുക.

32 ജൈവകൃഷിയുടെ പ്രസക്തി.

അല്ലെങ്കിൽ

ജലമലിനീകരണം കേരളത്തിൽ.

$(2 \times 4 = 8)$